**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3941** — **06-08-2021 - ൽ മറുപടിയ്ക്ക്**

**കാസർകോട് അഴിമുഖത്തുണ്ടായ തോണി അപകടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | 2021 ജൂലൈ 4-ന് കാസർകോട് അഴിമുഖത്തുണ്ടായ തോണി അപകടത്തിൽ മരിച്ച എല്ലാവരുടേയും കുടുംബങ്ങൾക്ക് ഏത് പദ്ധതി പ്രകാരമാണ് ധനസഹായം നൽകിയതെന്നും ഇനിയും സഹായം നൽകുമോയെന്നും എങ്കിൽ എപ്പോഴാണെന്നും അത് ഏത് പദ്ധതി പ്രകാരമായിരിക്കുമെന്നും വ്യക്തമാക്കാമോ; | (എ) | തോണി അപകടത്തിൽ മരണപ്പെട്ട ശ്രീ. രതീഷ്, ശ്രീ. സന്ദീപ് എന്നിവരുടെ കുടുംബത്തിന് അടിയന്തിര മുൻകൂർ ധന സഹായം 10,000/- രൂപ വീതവും, മുൻകൂർ ഇൻഷ്വറൻസ് ക്ലെയിം 1,00,000/- രൂപ വീതവും മത്സ്യബോർഡിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരമാണ് മത്സ്യബോർഡിൽ നിന്നും ധനസഹായം നൽകിയിട്ടുള്ളത്. ഇത് കൂടാതെ ഇവർക്ക് മത്സ്യഫെഡിൽ നിന്നും അടിയന്തിര ധനസഹായമായി 10,000/- രൂപ വീതം നൽകിയിട്ടുണ്ട്. ശ്രീ. രതീഷിന്റെയും ശ്രീ. സന്ദീപിന്റെയും ഇൻഷ്വറൻസ് ക്ലെയിം തുക 10,00,000/- രൂപ വീതം ലഭ്യമാകുന്ന മുറയ്ക്ക് അടിയന്തിര ധന സഹായമായി മുൻകൂർ അനുവദിച്ച തുക കുറച്ച് ബാക്കി 8,90,000/- രൂപ വീതം രണ്ടു പേരുടെയും കുടുംബത്തിന് അനുവദിച്ചു നൽകുന്നതാണ്. |
| (ബി) | മരണപ്പെട്ടവരിൽ ആരുടെയെങ്കിലും കുടുംബത്തിന് സഹായധനം നൽകാൻ ബാക്കി ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്നും പ്രസ്തുത കുടുംബത്തിന് സഹായം ലഭിക്കാൻ സാധ്യത ഉണ്ടോയെന്നും എങ്കിൽ ഏത് പദ്ധതിയിൽ നിന്നായിരിക്കും സഹായമെന്നും തുക എത്രയായിരിക്കുമെന്നും വ്യക്തമാക്കാമോ? | (ബി) | തോണി അപകടത്തിൽ മരണപ്പെട്ട കാർത്തിക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമല്ലാത്തതിനാൽ ടിയാന്റെ കുടുംബത്തിന് മത്സ്യബോർഡിൽ നിന്നും 5,000/- രൂപയും മത്സ്യഫെഡിൽ നിന്നും 5,000/- രൂപയും ധനസഹായമായി നൽകിയിട്ടുണ്ട്. കുടുംബത്തിന് പരമാവധി ധനസഹായം അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ